**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 100** **18-01-2021 - ൽ മറുപടിയ്ക്ക്**

**പൊതുവിദ്യാഭ്യാസ മേഖലയിലെ കോവിഡ് കരുതൽ നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . കാരാട്ട് റസാഖ് ,<br>ശ്രീമതി പി. അയിഷാ പോറ്റി,<br>ശ്രീ . കെ . ബാബു,<br>ശ്രീ. കെ.യു. ജനീഷ് കുമാർ | | **Prof. C. Raveendranath**<br>(പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി) | |
| (എ) | കോവിഡ്, ഓൺലൈൻ ക്ലാസുകൾ അനിവാര്യമാക്കിയ സാഹചര്യത്തിൽ അത് ഡിജിറ്റൽ വിടവില്ലാതെ വിജയകരമായി നടത്താനായെങ്കിലും സ്കൂളിലെ പഠനത്തിനു പകരമാകില്ലെന്നതിനാൽ സ്കൂളുകൾ തുറക്കാൻ തീരുമാനമായിട്ടുണ്ടോ; | (എ) | 2021 ജനുവരി 1 ന് 10, 12 ക്ലാസ്സുകളിലെ കുട്ടികൾക്ക് ഡിജിറ്റൽ ക്ലാസ്സുകളുടെ തുടർ പഠനത്തിനും റിവിഷനും,സംശയ ദൂരീകരണത്തിനുമായി രക്ഷകർത്താക്കളുടെ സമ്മതത്തോടെ സ്കൂളിലെത്താമെന്ന് തീരുമാനിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ജനുവരി 1 മുതൽ 10,12 ക്ലാസ്സിലെ കുട്ടികൾ സ്കൂളിലെത്തി പഠന പ്രവർത്തനങ്ങളിൽ പങ്കാളികളാകുന്നുണ്ട്. കോവിഡ് 19 ഇപ്പോഴും സംസ്ഥാനത്ത് പൂർണമായി മാറിയിട്ടില്ലാത്തതിനാൽ ഒന്നു മുതൽ ഒൻപതുവരേയും പതിനൊന്നാം ക്ലാസിലേയും കുട്ടികൾക്ക് സ്കൂളിൽ എത്തി പഠനം ആരംഭിക്കുന്നതിന് അനുവാദം നൽകിയിട്ടില്ല. |
| (ബി) | ഫസ്റ്റ് ബെൽ പദ്ധതി പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പാക്കിയതിലെ കാര്യക്ഷമതയെക്കുറിച്ച് അറിയിക്കാമോ; | (ബി) | കോവിഡ് 19 കാലയളവിലും സംസ്ഥാനത്തെ സ്കൂൾ കുട്ടികളുടെ പഠന പ്രവർത്തനങ്ങൾക്ക് പരമാവധി സഹായം ലഭ്യമാക്കുക എന്ന വ്യക്തമായ ഉദ്ദേശ്യത്തോടുകൂടിയാണ് പൊതു വിദ്യാഭ്യാസ വകുപ്പ് 2020 ജൂൺ 1 മുതൽ കൈറ്റ് വിക്ടേഴ്സ് വിദ്യാഭ്യാസ ചാനലും ലഭ്യമായ ഓൺലൈൻ സംവിധാനങ്ങളും പ്രയോജനപ്പെടുത്തി 'ഫസ്റ്റ്ബെൽ' എന്ന പേരിൽ പ്രത്യേക ക്ലാസുകൾ ക്രമീകരിച്ചത്. ഒന്നു മുതൽ പന്ത്രണ്ടുവരെയുള്ള ക്ലാസുകളിൽ പതിനൊന്നൊഴികെയുള്ള ക്ലാസുകൾക്ക് ജൂണിൽ തന്നെ പഠനം ആരംഭിക്കുകയും പതിനൊന്നാം ക്ലാസിലെ പ്രവേശന പ്രക്രിയ പൂർത്തിയാക്കിയ മുറയ്ക്ക് പതിനൊന്നാം ക്ലാസിലെ കുട്ടികൾക്ക് കൂടി ഓൺലൈൻ സംവിധാനങ്ങൾ പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള ക്ലാസുകൾ ആരംഭിക്കുകയും ചെയ്തു. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ മേൽനോട്ടത്തിൽ കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ്ടെക്നോളജി ഫോർ |

| | | | |
|---|---|---|---|
| | | | എഡ്യൂക്കേഷൻ (കൈറ്റ്) എസ്.സി.ഇ.ആർ.ടി., എസ്.എസ്.കെ., എസ്.ഐ. ഇ.ടി. എന്നീ ഏജൻസികളെ ഏകോപിപ്പിച്ചുകൊണ്ട് വിവിധ ക്ലാസുകളി ലേയ്ക്കുള്ള പാഠഭാഗങ്ങൾ തയ്യാറാക്കി സമയബന്ധിതമായി സംപ്രേഷണം ചെയ്തു കൊണ്ടിരിക്കുകയാണ്. ഓരോ ക്ലാസിന്റേയും സംപ്രേഷണത്തിന് മുൻപും ശേഷവും അതത് ക്ലാസിലെ കുട്ടികളുമായി ആശയവിനിമയം നടത്തുന്നതിനും കുട്ടിയ്ക്ക് ക്ലാസ് കാണാനുള്ള പ്രേരണയും കണ്ട ക്ലാസിലെ സംശയ നിവാരണത്തിനുള്ള അവസരവും ക്ലാസ് ടീച്ചർ ഒരുക്കുന്നതിന് നിർദേശം നൽകിയിട്ടുണ്ട്. സംപ്രേഷണം ചെയ്യുന്ന ക്ലാസുകൾ എപ്പോഴും സൗജന്യമായി ഉപയോഗിക്കുന്നതിന് വെബ്ബിൽ firstbell.kite.kerala.gov.in എന്ന പോർട്ടൽ വഴി ലഭ്യമാക്കിയിട്ടുണ്ട്. കുട്ടികൾക്കു മാത്രമല്ല അധ്യാപകർക്കും രക്ഷിതാക്കൾക്കും പൊതുജനങ്ങൾക്കുമെല്ലാം ഇത് ഏത് സമയം വേണമെങ്കിലും ഉപയോഗിക്കാവുന്നതാണ്. അതിനാൽ വൈദ്യുതി തടസ്സം, കേബിൾ - ഇന്റർനെറ്റ് ലഭ്യമല്ലാതിരിക്കൽ തുടങ്ങിയ കാരണങ്ങളാൽ കുട്ടികൾക്ക് ക്ലാസ് ലഭിക്കാത്ത അവസ്ഥ ഉണ്ടാകുന്നില്ല. 2020 ജൂൺ 1 മുതൽ എല്ലാ കുട്ടികൾക്കും ഒരുപോലെ പ്രയോജനപ്പെടുന്നവിധത്തിലാണ് 'ഫസ്റ്റ്ബെൽ' ക്രമീകരിച്ചിട്ടുള്ളത്. ഏതെങ്കിലും കുട്ടികൾക്കോ പ്രദേശത്തോ ക്ലാസുകൾ കാണുന്നതിന് പ്രയാസം നേരിട്ടാൽ പ്രധാനാധ്യാപകർ പി.ടി.എ.യുടേയും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും കുടുംബശ്രീ യൂണിറ്റുകളുടേയും സഹായം പ്രയോജനപ്പെടുത്തുന്നതിനും നിർദേശം നൽകിയിട്ടുണ്ട്. സംസ്ഥാന സിലബസ് പിൻതുടരുന്ന ഒരു കുട്ടിയ്ക്കുപോലും (വീട്ടിൽ ടി.വിയും സ്മാർട്ട് ഫോണും ഇന്റർനെറ്റും ഒന്നുമില്ലാത്ത) ക്ലാസുകൾ കാണാൻ പറ്റാത്ത സാഹചര്യം പൂർണമായും ഒഴിവാക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഫസ്റ്റ്ബെൽ പദ്ധതിയുടെ കാര്യത്തിൽ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | പകർച്ചവ്യാധിയുടെ വ്യാപനത്തോത് ഇപ്പോഴും ഗണ്യമായി ഉയരുന്നതിനാൽ സ്കൂൾ തുറക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന കരുതൽ നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (സി) | 2021 ജനുവരി 1 മുതൽ 10,12 ക്ലാസ്സിലെ കുട്ടികൾ സ്കൂളിലെത്തുമ്പോൾ സ്കൂൾ തലത്തിൽ ഒരുക്കേണ്ട മുൻകരുതലുകൾ സംബന്ധിച്ച് വിശദമായ മാർഗ്ഗരേഖ പൊതുവിദ്യാഭ്യാസ ഡയറക്ടർ പുറത്തിറക്കിയിട്ടുണ്ട്. ആരോഗ്യ വകുപ്പിന്റെയും കേന്ദ്ര സംസ്ഥാന സർക്കാരുകളുടെയും മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ടാണ് മാർഗ്ഗരേഖ തയ്യാറാക്കിയത്. പൊതു നിർദ്ദേശങ്ങൾ, അക്കാദമിക |

| | | | |
|---|---|---|---|
| | | | നിർദ്ദേശങ്ങൾ, അധ്യാപകർക്കുള്ള നിർദ്ദേശങ്ങൾ, കുട്ടികൾക്കുള്ള നിർദ്ദേശങ്ങൾ എന്നിങ്ങനെ പ്രത്യേകം പ്രത്യേകം നിർദ്ദേശങ്ങളാണ് നൽകിയത്. കൂടാതെ ഫയർ & റസ്ക്യൂ വകുപ്പിന്റെ നേതൃത്വത്തിൽ സ്കൂളുകളിൽ അണുനശീകരണ പ്രവർത്തനങ്ങൾ നടത്തി. കേരള ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡിന്റെ നേതൃത്വ ത്തിൽ ഓരോ ക്ലാസ്സിലും സാനിറ്റൈസർ വിതരണം ചെയ്തു.കൂടാതെ കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ലിമിറ്റഡിന്റെ നേതൃത്വത്തിൽ ഒരു വെറ്റ്മാറ്റ്, ഒരു ഡ്രൈമാറ്റ്, പ്ലാസ്റ്റിക് ട്രേ ഒരു ലിറ്ററർ അണുനശീകരണ ലായനി എന്നിവ ഉൾപ്പെടുന്ന ഒരു കിറ്റും സ്കൂളുകളിൽ എത്തിച്ചിരുന്നു. |
| (ഡി) | പൊതുപരീക്ഷകളും മറ്റു വാർഷികപരീക്ഷകളും നടത്തുന്നത് സംബന്ധിച്ച് തീരുമാനം എടുത്തിട്ടുണ്ടോ; | (ഡി) | 2021 മാർച്ച് 17 മുതൽ 30 വരെയുള്ള തീയതികളിലായി 10,12 ക്ലാസ്സുകളിലെ പൊതുപരീക്ഷകൾ നടത്തുന്നതിന് തീരുമാനി ച്ചിട്ടുണ്ട്. മറ്റു ക്ലാസ്സുകളിലെ പരീക്ഷകൾ സംബന്ധിച്ച് തീരുമാനം എടുത്തിട്ടില്ല. |
| (ഇ) | സിലബസ് ലഘൂകരണം ആശാസ്യമാണോ; ഇതുസംബന്ധിച്ച് പഠനം നടത്തിയിരുന്നോയെന്ന് അറിയിക്കാമോ? | (ഇ) | അതത് തലങ്ങളിൽ കുട്ടി ആർജ്ജിക്കേണ്ട ശേഷികൾ നേടേണ്ടതിനാൽ സിലബസ് വെട്ടിക്കുറയ്ക്കുന്നത് ആശാസ്യകരമല്ല. മുഴുവൻ പാഠഭാഗങ്ങളും ഡിജിറ്റൽ ക്ലാസ്സുകളിലൂടെയും അധ്യാപകരുടെ ഇടപെടലിലൂടെയും പൂർണമായി കുട്ടികളിൽ എത്തിക്കാനുള്ള പ്രവർത്തനങ്ങളാണ് പൊതുവിദ്യാഭ്യാസ വകുപ്പ് ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നത്. സിലബസിലെ ഊന്നൽ മേഖലകൾ (Focus Point) SCERT പ്രസിദ്ധീകരിച്ചിട്ടുണ്ട്. കുട്ടികൾക്ക് ഭീതിയില്ലാതെ പരീക്ഷയെ അഭിമുഖീകരിക്കാനുള്ള ചോദ്യ ക്രമീകരണമാണ് ഏർപ്പെടുത്താൻ ഉദ്ദേശിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ